ഉത്തരം

പൊതുമേഖലാസ്ഥാപനങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ യഥാസമയം നിയമിക്കാനും ഈ കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യാനുമുള്ള വിശദമായ നിർദ്ദേശങ്ങൾ 20-3-1985-ന് ഗവൺമെന്റ് ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ഉദ്യോഗസംവരണം

354. [538] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗത്തിന് ഉദ്യോഗരംഗത്ത് അനുവദിച്ചിട്ടുള്ള സംവരണം എത്ര ശതമാനം ;

(ബി) അവ എപ്പോൾ മുതലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്

(സി) 1981-ലെ സെൻസസ് പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സംവരണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഇതേ സംബന്ധിച്ച് ഏതെല്ലാം സംഘടനകളിൽ നിന്നും നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട് ;

(ഇ) 1981-ലെ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുള്ള സംവരണശതമാനം വർദ്ധിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും.

(ബി) കേരളസംസ്ഥാനം നിലവിൽ വന്നശേഷം ചട്ടപ്രകാരം ഈ റിസർവേഷൻ 23-12-58-ന് പ്രാബല്യത്തിൽ വന്നു.

(സി) ബാബു വിജയനാഥ് കമ്മിഷൻ റിപ്പോർട്ടിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിന് ഉദ്യോഗനിയമനത്തിൽ 12 ശതമാനം സംവരണം ശുപാർശ ചെയ്തിരുന്നു. എന്നാൽ സംവരണകാര്യത്തിൽ ദേശീയതലത്തിൽ ഒരു അഭിപ്രായ സമന്വയം ഉണ്ടാകുന്നതുവരെ നിലവിലുള്ള സംവരണനയത്തിൽ മാറ്റം വരുത്തരുതെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള സംവരണവ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് ഈ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ സംയുക്തവേദി കേരള പുലയർ മഹാസഭ മുതലായ സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഇ) മുകളിൽ "സി" വിഭാഗത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

കേരള സംസ്ഥാന ഹരിജന-ഗിരിജന വികസന സഹകരണ ഫെഡറേഷന്റെ ഫെഡാഫീസ്

355. [539] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള സംസ്ഥാന ഹരിജൻ-ഗിരിജൻ വികസന സഹകരണ ഫെഡറേഷന്റെ തിരുവനന്തപുരത്ത് വഞ്ചിയൂരുള്ള ഹെഡാഫീസ് പേരൂർക്കടയിലേക്ക് മാറുന്നതിന് അവിടെ രണ്ടേക്കർ സ്ഥലം വാങ്ങി പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തിയിട്ട് എത്ര വർഷങ്ങളായി ?

(ബി) പേരൂർക്കടയിൽ ഹെഡാഫീസ് മന്ദിരം നിർമ്മിക്കുന്നതിന് കാലതാമസം നേരിട്ടതെന്തുകൊണ്ടാണ് ?

ഉത്തരം

(എ) സർക്കാരിൽ നിന്നും ഫെഡറേഷനനുവദിച്ച പേരൂർക്കടയിലുള്ള സ്ഥലത്ത് ഫെഡറേഷന്റെ വഞ്ചിയൂരുള്ള ഹെഡാഫീസ് മാറുന്നതിലേക്കായി, കെട്ടിടം കെട്ടാൻ ശിലാസ്ഥാപനം നടത്തിയിട്ടില്ല.

(ബി) പേരൂർക്കടയിലുള്ള സ്ഥലത്ത് ഒരു ഗോഡൗൺ നിർമ്മിക്കുന്നതിലേക്കായി ധനസഹായം ലഭിക്കാനുള്ള ഒരു അപേക്ഷ എൻ.സി.ഡി.സി. യുടെ പരിഗണനയിലാണ്. ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതിക്കാർക്കുള്ള ഉദ്യോഗ സംവരണം.

356. [540] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്ക് ഉദ്യോഗ സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സിദ്ധനർ സർവീസ് സൊസൈറ്റി മുതലായ ഹരിജൻ സംഘടനകളും ഗവൺമെൻറിനു നൽകിയിട്ടുള്ള നിവേദനത്തിൻ മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഗവൺമെൻറു സർവ്വീസിലെ പട്ടിക ജാതിക്കാരുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി ലഭ്യമാകുന്നതിന് ഉപസംവരണം വീണ്ടും നടപ്പിലാക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കാമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് ഉദ്യോഗ സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തണമെന്ന സിദ്ധനർ സർവ്വീസ് സൊസൈറ്റി ഉന്നയിച്ച ആവശ്യം സർക്കാർ പരിഗണിച്ചുവരികയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഡോക്ടർ ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട്

357. [541] ശ്രീമതി ഭാഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവ്വേ റിപ്പോർട്ട് അടങ്ങിയ ഡോക്ടർ ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങളാ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly